**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് 2013-14 കാലയളവിൽ 8 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 3801 /2015/തസ്വഭവ തിരുവനന്തപുരം, തീയതി, 19 .12. 2015.

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 15/09/2015–ാം തീയതിയിലെ 1074/ഡി.പി.5/15/സി.ആർ.ഡി നം കത്തും, അനുബന്ധവും.

**<u>ഉത്തരവ്</u>**

പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ 2013-14 കാലയളവിൽ 15,14,882/- രൂപ ചിലവഴിച്ച് 8 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയ നടപടി, ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾ ആയതിനാൽ ലോക്കൽ ഫണ്ട് ആഡിറ്റ് തടസ്സപ്പെടുത്തുകയും, 2013-14 ലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3(6) പ്രകാരം പരാമർശ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

2) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലാണ് ടി പദ്ധതി നടപ്പാക്കിയതെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിനുള്ള പുതുക്കിയ സർക്കാർ മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ കുടിവെള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പിലാക്കാമെന്നും ആയതിനാൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾക്ക് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലാണ് ടി പദ്ധതി നടപ്പാക്കിയതെന്ന വസ്തുത പരിഗണിച്ചും, പുതുക്കിയ സർക്കാർ മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ കുടിവെള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുത്തു നടപ്പിലാക്കാം എന്നതിനാലും പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ

2013-14 കാലയളവിൽ 15,14,882/- രൂപ ( പതിനഞ്ചുലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി എൺപത്തി രണ്ടു രൂപ മാത്രം ) ചിലവഴിച്ച് 8 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ. പഴനിയമ്മ**
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി ,പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്,തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ